# ‘അത്യുന്നതമായ പാറ’

## സങ്കീർത്തനങ്ങൾ 61:2

“എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്തുനിന്ന് നിന്നെ വിളിച്ച പേക്ഷിക്കും. എനിക്ക് അത്യുന്നതമായ പാറയിങ്കലേക്ക് എന്നെ നടത്തേണമേ.”

ശത്രുവിന്റെ ആരവത്താൽ മനം മടുത്ത് ഭാരത്താൽ നിറഞ്ഞ ദാവീദ് ദൈവസന്നിധിയിൽ കഴിക്കുന്ന ഒരു നിലവിളിയാണ് ഈ സങ്കീർത്തനഭാഗങ്ങൾ വ്യക്തമാക്കുന്നത്. അത്യുന്നതനായ ദൈവത്തിന്റെ സന്നിധിയാണ് ഇവിടെ ഉന്നതമായ പാറ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. നമ്മുടെ ദൈവം സ്വർഗ്ഗോന്നതികളിന്മേൽ കയറിയവനാണല്ലോ. അവിടുന്ന് സകലത്തേയും തന്റെ കാൽക്കീഴാക്കി വാഴുന്നവനാണ്. അതുകൊണ്ട് നമ്മുടെ ഹൃദയം തകർന്ന ഏത് അവസ്ഥയിലും അത്യുന്നതനായ ദൈവത്തിൽ നാം ആശ്രയിക്കേണം.

ചിലർ കരുതുന്നതുപോലെ ദൈവം അകലെ എവിടെയോ വസിച്ചുകൊണ്ട് നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നുണ്ടാവാം എന്നൊരു പ്രത്യാശ മാത്രമല്ല, നാം എവിടെ ഇരുന്നുകൊണ്ട് മുട്ടുമടക്കി നിലവിളിക്കുമ്പോഴും ആ ദൈവീക സാന്നിധ്യത്താൽ നമ്മെ നിറക്കുവാൻ നമ്മുടെ ഉള്ളത്തിലേക്ക് ഉയരത്തിലെ ശക്തി ഒഴുക്കിത്തരുവാൻ അവിടുന്ന് സദാ ജാഗരിക്കുന്നവനാണ്. ആ ഉറപ്പാണ് ദാവീദിന് ഇവിടെ ഹൃദയം ക്ഷീണിച്ച അവസ്ഥയിൽ ദൈവത്തോട് അടുത്തുകൊണ്ട് നിലവിളിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ധൈര്യം പകർന്നു കൊടുത്തത്.

ദൈവസന്നിധിയിൽ നാം നിലവിളിക്കുമ്പോൾ ദൈവീക സമാധാനവും ശക്തിയും നമ്മുടെ ബലഹീനതകളിലേക്ക് പകരപ്പെട്ടുകൊണ്ട് നാം പുതുശക്തിയും ബലവും നിറഞ്ഞവരായിത്തീരുവാൻ തക്കവണ്ണം ഇടയാകും. ഈ ലോകത്തിലായിരിക്കുമ്പോൾ ഒരു ദൈവപൈതലിന് പലസാഹചര്യങ്ങളിൽ നിന്നും ഒരു വേർപാട് കാത്തുസൂക്ഷിക്കേണ്ടി വന്നേക്കാം. പലരാലും നിന്ദയും പരിഹാസവുമൊക്കെ നേരിട്ടുവേണം ഈ ദുഷ്ടലോകത്തിൽ സത്യവിശ്വാസത്തിനു വേണ്ടി നിലകൊള്ളേണ്ടത്. അപ്പോഴൊക്കെ തളർന്നു പോകാതെ പിടിച്ചു നിൽക്കണമെങ്കിൽ നാം ദൈവസന്നിധിയിൽ കൂടുതലായി അടുത്തുചെന്നേ മതിയാകൂ.

നമ്മിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാകയാൽ പൂർണ്ണജയം നമുക്കുതന്നെ ആയിരിക്കും. കർത്താവായ യേശുക്രിസ്തു പറഞ്ഞിട്ടുള്ള വാക്യങ്ങൾ ഈ

സമയം നമ്മുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം. ‘‘ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലെ സകല പാപങ്ങളും അതിക്രമങ്ങളും ക്ഷമിച്ച്, ക്രിസ്തുവാകുന്ന അത്യുന്നതമായ പാറയിലേക്ക് നമ്മെ കരം പിടിച്ച് നടത്തിയ നല്ല ദൈവം അന്ത്യത്തോളം നമ്മോടുകൂടെ ഉള്ളവനാണ്. അതുകൊണ്ട് ഏതുസമയത്തും ധൈര്യത്തോടെ ആ കൃപാസനത്തോട് അടുത്തുചെന്ന് പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കട്ടെ. അതിനായി പരിശുദ്ധാത്മാവാകുന്ന ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

1 കൊരിന്ത്യർ 10:3,4

എല്ലാവരും ഒരേ ആത്മികാഹാരം തിന്നു. എല്ലാവരും ഒരേ ആത്മീകപാനീയം കുടിച്ചു. അവരെ അനുഗമിച്ച ആത്മീകപാറയിൽനിന്നല്ലോ അവർ കുടിച്ചതു; ആ പാറ ക്രിസ്തു ആയിരുന്നു.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 051